# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2770 — 17-10-2016-ൽ മറുപടിക്ക്

### സിറ്റി ഗ്യാസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) എറണാകുളം ജില്ലയിൽ പ്രകൃതി വാതകം വീടുകളിൽ എത്തിക്കുന്ന സിറ്റി ഗ്യാസ് പദ്ധതിയുടെ നിജസ്ഥിതി വിശദമാക്കാമോ ; | (എ) എറണാകുളം ജില്ലയിലെ വീടുകളിൽ പ്രകൃതി വാതക വിതരണം നടത്തുവാനുള്ള ചുമതല കേന്ദ്ര സർക്കാരിന്റെ പെട്രോളിയം & നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയ്ക്കാണ് നൽകിയിട്ടുള്ളത്. പ്രകൃതി വാതകത്തിന്റെ സുരക്ഷിതത്വവും മേൻമകളും ജനങ്ങളെ ബോധ്യപ്പെടുത്തുവാനായി ഒരു പ്രാരംഭ പദ്ധതി (PILOT Project) നടപ്പിലാക്കിയിരുന്നു. ഇപ്പോൾ കളമശ്ശേരി മെഡിക്കൽ കോളേജിലെ അഞ്ച് ഹോസ്റ്റൽ ക്യാന്റീനുകളിലും ഒരു കുടുംബശ്രീ കാന്റീനിലും 70 ൽ പരം വീടുകളിലും ഗ്യാസ് കണക്ഷൻ എത്തിച്ചിട്ടുണ്ട്. 200 കിലോമീറ്ററോളം പൈപ്പ് ലൈൻ ഇടുന്നതിനായുള്ള പണി പുരോഗമിക്കുകയാണ്. അഞ്ച് മാസത്തിനുള്ളിൽ എറണാകുളം ജില്ലയിൽ കേരളത്തിലെ ആദ്യത്തെ CNG സ്റ്റേഷൻ പ്രവർത്തനമാരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ? | (ബി) പെട്രോളിയം & നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡിന്റെ കോമൺ മിനിമം പ്രോഗ്രാമിൽ പറഞ്ഞിരിക്കുന്ന അഞ്ച് വർഷത്തെ സമയപരിധിയ്ക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ